12610
28/11/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കൗമാരക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി 307 ഗവൺമെന്റ് സ്കൂളുകളിൽ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.688/2014/സാനീവ. തീയതി, തിരുവനന്തപുരം 20.11.2014

---

**പരാമർശം:** സാമൂഹ്യനീതി ഡയറക്ടറുടെ 21.02.2014 - ലെ ICDS/A6 - 18825/2011 നംപർ കത്ത്.

## ഉത്തരവ്

കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി ഇപ്പോൾ 500 സ്കൂളുകളിൽ നടന്നുവരുന്നുണ്ട്. ടി പദ്ധതി എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 307 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി ആരംഭിക്കുന്നതിനായി പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 307 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതി വ്യാപിപ്പിക്കുന്നതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ശീർഷകത്തിൽ ലഭ്യമായ ബജറ്റ് വിഹിതത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എൻ.ബി.കോമളവല്ലിഅമ്മ**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(27.10.14 ലെ അനൗദ്യോഗിക കുറിപ്പ് നമ്പർ 46803/ഡബ്ല്യുഡബ്ല്യു2/14/ധന. പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് (16.05.2014 - ലെ 6887/എ2/14/പ്ലാനിംഗ് നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**